

# കരകയറ്റിയവർ...

## st.johns hss parappur

stjohnsppr@gmail.com

2018-19

ലിറ്റിൽ കൈറ്റ്സ്

പ്രണാമം....

പറക്കാൻ ചിറകുകൾ വേണമെന്നില്ല.
ഉള്ളിലൊരു ആകാശമുണ്ടായാൽ മതി.



# എഡിറ്റോറിയൽ

ഒരു വലിയ  ആഘാതമുണ്ടാക്കിയാണ് പ്രളയം
മലയാളികളിലൂടെ കടന്നുപോയത്.ജാതിയുടെയോ മതത്തിന്റെയോ രാഷ്ട്രത്തിന്റെയോ പേരിൽ
നാടിനെ ഭിന്നിച്ചുനിർത്തിയിരുന്ന ഒരു കാലത്താണ്
സംഹാരതാണ്ഡവമാടിക്കൊണ്ട് പ്രളയം എത്തിയത്.
അപ്പോൾ സ്നേഹത്തിന്റെ അണ പൊട്ടിയൊഴുകുകയായിരുന്നു.
നന്മയുടെ മാലാഖാമാരായി തങ്ങളുടെ ജീവനോപാധിയായ വള്ളവും ലോറിയിലേറ്റി
നമ്മെ കരകയറ്റാനെത്തിയവരാണ് മൽസ്യത്തൊഴിലാളികൾ.
ഇന്ന് കാണുന്നപലരുടെയും ജീവിതത്തിൽ സന്തോഷം വിതച്ച
അവരുടെ ദുരിതപൂർണമായ ജീവിതത്തിൽ സന്തോഷം ലഭിക്കാൻ അവരെ അകറ്റിനിർത്താതെ
തോളോടുചേർത്തു കൂടെനിർത്താം..........

ഞങ്ങളുടെ കുഞ്ഞു ഭാവനയിൽ വിരിഞ്ഞ കഥകളാലും കവിതകളാലും മറ്റ് സർഗാത്മകത രചനകളാലും
നിറഞ്ഞ ഈ മാഗസിൻ ഞങ്ങൾ അവർക്ക് വേണ്ടി സമർപ്പിക്കുന്നു .

അമൃത സി ടി,അനുഗ്രഹ വി എ

ജോളി എ വി,
ലിൻഡ ദേവസി.

ഫീച്ചർ

# പ്രളയത്തിന്റെ നാളുകൾ, നമ്മെ പേടിപ്പിച്ച രാവുകൾ...

**ഈ** നൂറ്റാണ്ട് കണ്ട എറ്റവും വലിയ കാലവർഷക്കെടുതിക്കാണ് കേരളം സാക്ഷ്യംവഹിച്ചത്. ഓഗസ്റ്റ് 8ാം തീയതി രാവിലെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കനത്ത മഴ ആരംഭിച്ചതോടെയാണ കാലവർഷക്കെടുതി ആരംഭിച്ചത്.
മഴകനത്തതോടെ കേരളത്തിലെ നദികളില്ലെല്ലാം വൻതോതിൽ വെള്ളംകയറി. ഭാരതപ്പുഴ,പരിയാർ,പമ്പ,ചാലക്കുടിപ്പുഴ,അച്ചൻകോവിലാർ,തുടങ്ങിയ നദികൾ കരകവിഞ്ഞൊഴുകി.കേരളത്തിലെ 82 ഡാമുകളും നിറഞ്ഞുകവിഞ്ഞു.മഴതാങ്ങാനാവാതെ മണ്ണിടിച്ചലും,ഉരുൾപൊട്ടലും വ്യാപകമായി.ചിലയിടത്ത് നദികൾ ഗതിമാറി ഒഴുകുന്ന സാഹചര്യം വരെ ഉണ്ടായി.



മഴവെള്ളത്തിന്റെ കുത്തൊഴുക്കിലും വെള്ളപ്പൊക്കത്തിലും ലക്ഷകണക്കിന് വീടുകളിൽ വെള്ളംകയറി.പതിനായിരക്കണക്കിന് വീടുകൾ മുങ്ങിപ്പോയി.റോഡുകളും പാലങ്ങളും വ്യാപകമായി തകർന്നു.57000 ത്തോളം ഹെക്ടർ കൃഷിയിടങ്ങൾ വെള്ളത്തിലായി.വളർത്തുമൃഗങ്ങളും പക്ഷികളും വെള്ളപ്പൊക്കത്തിൽ ചത്തുമലച്ചു.സർക്കാർസ്ഥാപനങ്ങളും വെള്ളത്തിലായി .വിലപ്പെട്ട രേഖകൾ

പലതും മഴവെള്ളത്തിൽ കുതിർന്നു നശിച്ചു.ഉരുള്പൊട്ടലിലും മലയിടിച്ചിലിലും ഭൂമിയുടെ പ്രതലത്തിന്റെ ഘടന തന്നെ മാറിപ്പോയി.

ചുരുക്കത്തിൽ കാലവർഷക്കെടുതിക്ക് ഇരയായ പ്രദേശങ്ങളിലെ ജനജീവിതവും സാമ്പത്തികക്രമവും പാരിസ്ഥിതികമായ അവസ്ഥയും തകിടം മറിഞ്ഞു.കാലാവർഷക്കെടുതിയും വെള്ളപ്പൊക്കവും പതിനായിരക്കണക്കിനു ജനതയുടെ ജീവൻ തന്നെ പ്രതിസന്ധിയിലാക്കുന്ന സ്ഥിതിയായി ഇത് മാറി.അങ്ങനെ ഈ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ പ്രളയത്തിലേക്ക് കേരളം എടുത്തെറിയപ്പെട്ടു.

കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത രക്ഷാപ്രവർത്തനമാണ് സംസ്ഥാനത്തുണ്ടായത്.മനുഷ്യസ്നേഹത്തിന്റെ മഹത്തായ സന്ദേശങ്ങൾ ഹൃദയത്തിൽ ഏറ്റുവാങ്ങിക്കൊണ്ട് രക്ഷാപ്രവത്തനത്തിന്റെ പുതിയ അധ്യായങ്ങൾ ഇതിന്റെ ഭാഗമായി രചിക്കപ്പെട്ടു.ത്യാഗസന്നതടയുടെയും ആത്മസമർപ്പണത്തിന്റെയും വഴികളിലൂടെ അത് മുന്നേറി.ഈ രക്ഷാപ്രവർത്തനം നമ്മുടെ നാടിന്റെ മാത്രമല്ല,ലോകത്തിന്റെ ആകെഅംഗീകാരം നേടിയെടുത്തിരിക്കുകയാണ്.തങ്ങളേക്കാൾ മറ്റുള്ളവരുടെ  ജീവന്പ്രാധാന്യം നൽകിക്കൊണ്ടുള്ള ജനകീയ രക്ഷാപ്രവർത്തനമായിരുന്നു അത്.



രക്ഷാപ്രവർത്തനത്തിന് ഭാഗമായി വീടുകളിൽ നിന്ന്  ജനങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റുകയും ചെയ്തു.ക്യാമ്പിലുള്ളവർക്കു  അടിസ്ഥാന ആവശ്യങ്ങളും ഒരുക്കുന്നതിൽ വലിയ സഹായമാണ് കേരളത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽനിന്നുണ്ടായത്.

രക്ഷാപ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമായ ചില ഘടകങ്ങളുണ്ട്.ഒന്നാമതായി പോലീസിനെ രക്ഷാപ്രവർത്തനത്തിന്റെ ചുമതല ഏൽപ്പിച്ചു എന്നതാണ്.സൈന്യത്തിനെ കൃത്യസമയത്ത് ആവശ്യപ്പെടുകയും ഫലപ്രദമായി വിന്യസിക്കുകയും പ്രധാനമായി.ആർമി,എയർഫോഴ്സ്,നാവികസേനാ, കോസ്റ്റ്ഗാർഡ്,എൻ.ഡി.ആർ.എഫ്,ബി.എസ്.എഫ്,സി.ആർ.പി.എഫ് ,ഐ.ടി.ബി.എഫ് എന്നീ കേന്ദ്ര സേനകളിൽ നിന്നായി 7443 പേർ ആണ് അണിനിരന്നത്.40000 ത്തോളം വരുന്ന പോലീസ് സേനയും 3200 ഓളം വരുന്ന ഫയർഫോഴ്സ് അംഗങ്ങളും നേതൃത്വപരമായ പങ്കു വഹിച്ചു.വനം,എക്സ്ഐസ് ,ജയിൽ, മോട്ടോർവാഹന വകുപ്പുകളിലെ ജീവനക്കാരും ഒപ്പം



ചേർന്നു.ഇതോടൊപ്പം നാട്ടുകാർ കൂടി ചേർന്നതോടെയാണ് രക്ഷാപ്രവർത്തനം സജീവമായത്.മത്സ്യത്തൊഴിലാളികളെ രക്ഷാപ്രവർത്തനത്തിന് നിയാഗിക്കുക എന്ന സുപ്രധാന തീരുമാനവും രക്ഷാപ്രവർത്തനത്തെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിനു സുപ്രധാന ഘടകമായി.നമ്മുടെ നാട്ടിലെ പ്രളയബാധിതപ്രദേശങ്ങളിലെ രക്ഷാപ്രവർത്തനത്തിനുള്ള സേന എന്ന നിലയിൽ ഉയരുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് കഴിയുന്ന അവസ്ഥയുണ്ടായി.സർക്കാർ സംവിധാനങ്ങളും സന്നദ്ധസംഘടനകളും ബഹുജനങ്ങളും തമ്മിൽ വിളക്കിച്ചേർത്തുകൊണ്ടുള്ളശൈലി രക്ഷാപ്രവർത്തനത്തിന് കരുത്ത് വർധിപ്പിച്ചു .

# സ്വപ്നം.....

ചെടികൾക്ക് പച്ചനിറം കൊടുക്കുന്നത് എന്താണ്?ചോദ്യം രേവതിയോടാണ് ,അവൾ കഴിഞ്ഞാൽ ചോദ്യം തനിക്കു നേരെ തിരിയുമെന്ന പേടിയിലാണ് രമ്യ .ഭാഗ്യം ,അവൾ എന്തോ പറയാൻ ഒരുങ്ങുന്നുണ്ട് . ബയോളജി പീരീഡ് തീരാൻ കാത്തിരിക്കുന്നവരുടെയും ,ചോദ്യം ഞങ്ങളോട് ചോദിക്കണേ എന്ന് പറയുന്ന ബുദ്ധിജീവികളെക്കൊണ്ടും ക്ലാസ് വീർപ്പുമുട്ടി .

ബെല്ലടിച്ചപ്പോൾ വല്ലാത്തൊരു കോപവും മുഖത്തുവെച്ച് മാഷ് പാഞ്ഞു വന്നു. അല്ലേലും മാഷ് അങ്ങനാ ,ക്ലാസ്സിലെ ഏറ്റവും മികച്ച പരദൂ ഷണക്കാരി ശ്രീക്കുട്ടി രംഗത്തെത്തി .രെമ്യ ഒന്നും മിണ്ടാതെ എന്തോ ആലോചിച്ചിരിക്കെ ,പുറത്തു തോണ്ടി രേവതി ചോദിച്ചു .രെമ്യ ,നീ മറന്നോ ? ഇന്നല്ലേ അങ്കണവാടിയിൽ പരിപാടി ?രമ്യയുടെ മുഖം തളിർത്തു .ആരാ അതിഥി ?വല്ല സിനിമക്കാരാണോ? ആയാൽ മതിയായിരുന്നു .. ഓ ..എവിടുന്ന് ! ഈ കാട്ടുമുക്കിലല്ലേ സിനിമാക്കാര് ! വന്നാൽ തന്നെ ഒരു മാതിരി ജാടയായിരിക്കും . .അല്ല പിന്നെ ,.ശ്രീക്കുട്ടിയുടെ ഈ പ്രയോഗം രമ്യക്ക് അത്ര പിടിച്ചില്ല .




കുറച്ചു നേരം മൗനമായിട്ടിരുന്ന രേവതി പറഞ്ഞു . ഇത് അതൊന്നുമല്ലെടി , കഴിഞ്ഞ വർഷത്തെ പത്താംക്ലാസ്സിലെ കൂടുതൽ മാർക്ക് വാങ്ങിയവർക്കുള്ള ചടങ്ങാണ് ,കലക്ടറാ വരണേ ..
കളക്ടറോ ! അതാരാ ?അതിനുള്ള മറുപടി രേവതി കൊടുത്തില്ല .
വൈകുന്നേരം വീട്ടിൽ ചെന്ന് അമ്മയോട് വിവരം പറഞ്ഞു .രേവതിയുടെ കൂടെയാണെങ്കിൽ പോയ്ക്കൊന്നു 'അമ്മ പറഞ്ഞു. അതങ്ങനെയാണ് ,രേവതിയുടെ കൂടെയയാണെന്നു പറാഞ്ചൽ അമ്മയ്ക്ക് ഒരു പേടിയുമില്ല .

പരിപാടിയൊക്കെ നല്ല ചേലുണ്ടായിരുന്നു .കലക്ടർ സംസാരിച്ചു തുടങ്ങുമ്പോഴേക്കും രേവതിയുടെ മുഖത്തുണ്ടായിരുന്ന സന്തോഷം രെമ്യ ശ്രദ്ധിച്ചിരുന്നു. .രേവതി പറഞ്ഞു, ഇനി IAS ന്റെ ഇൻസ്പിരേഷൻ ക്ലാസ്സാണ് ..രമ്യക്ക് പക്ഷെ മുഴുവൻ കാര്യങ്ങളും രമ്യക്ക് മനസിലായില്ല .
ഓരോരുത്തരും അവരുടെ സ്വപ്നങ്ങളെ കുറിച്ച് ചോദിച്ചപ്പോൾ രേവതി പറഞ്ഞു,അങ്ങയെപ്പോലെ സിവിൽ സര്വീസ് നേടണമെന്ന് .പല ചോദ്യത്തിനും രമ്യ മൂകയായിരുന്നു.
രാത്രി അത്താഴത്തിന്റെ രമ്യ അമ്മയോട് ചോദിച്ചു .അമ്മേ,അമ്മയുടെ ചെറുപ്പത്തിലേ സ്വപ്നം എന്തായിരുന്നു എന്ന് .ഇരുട്ടു നിറഞ്ഞ ജനലിനപ്പുറത്തേക്ക് നോക്കി അമ്മ നിർവികാരയായി ചിരിച്ചു.കുറച്ചിടെ കഴിഞ്ഞു 'അമ്മ അവളോട് പറഞ്ഞു .മോളെ ,ചെയ്തു തീർക്കാൻ ഒരു ലക്ഷ്യമുണ്ടെങ്കിലേ ജീവിതത്തിനു ഒരു അർത്ഥമുണ്ടാകൂ .

അന്ന് രാത്രി രമ്യക്ക് ഉറങ്ങാൻ കഴിഞ്ഞില്ല .അവൾ തന്റെ സ്വപ്നങ്ങളുടെ ചിറകിലായിരുന്നു .രേവതിയുടെ സ്വപ്ങ്ങളെപ്പോലെ.....

# കാട്ടാറ്

ഹരിപ്രിയ കെ 9b

കാട്ടാനാണ് ഞാൻ കാട്ടാറ്

നീലനിറമുള്ള കാട്ടാറ്

പച്ച ഉടുപ്പിട്ട കാട്ടാറ് ആണ് ഞാൻ

സഹ്യന് പൊന്നു മകളാണ്

അണ്ണാറക്കണ്ണൻ തൻ chill chill സ്വരം ഉണ്ടെനിക്ക്

ആ തേൻ തുളുമ്പുന്നൊരു സ്വരമാണ് എനിക്ക്

വൃക്ഷ ലതകൾ തൻ കാർകൂന്തൽ ഉണ്ടെനിക്ക്

അവർ നൽകും പൂക്കൾ ഉണ്ടെനിക്ക് അഴകിൻ ആയി

ദാഹജലം നൽകി സംരക്ഷിച്ചിരുന്ന

ജീവജാലങ്ങൾക്ക് പെറ്റമ്മയാണ് ഞാൻ

എൻ കരങ്ങളാൽ നദികളും ചെന്നെത്തും

സമുദ്ര രാജാവിൻറെ മാറിടത്തിൽ



ഉപയോഗശൂന്യമാകുന്ന en കരങ്ങളെ

മാനുഷരെല്ലാം ഒത്തുചേർന്നു

ചപ്പുചവറുകൾ കുണ്ടു നിറച്ചിട്ട്

അശുദ്ധമാക്കി ഇടുന്നു എൻറെ കരങ്ങളെ



# ബാല്യകാലം ...

അലീന സാബു 10 F

നക്ഷത്ര കണ്ണുകൾ ചിമ്മിത്തുറക്കുന്ന
നീലനിലാവിലെ രാവുകളും
സൂര്യകിരണങ്ങൾ തട്ടിയുണർത്തുന്ന
പൊന്നിൻ പുലർപ്രഭാതങ്ങളും

....
മഴപെയ്ത്ത നേരത്തു മനസ്സിന്റെ താഴ്വരയിൽ
ആയിരംപൂക്കൾ വിരിഞ്ഞ കാലം.
എങ്ങോ പരന്നൊരു വണ്ടിന്റെ ഗാനം
മൂളിനടന്നൊരു ബാല്യകാലം .
മാനത്തെ കൊട്ടാര മുറ്റത്തുഞാൻ നട്ട
മുല്ലയിൽ പൂക്കൾ വിരിഞ്ഞ കാലം
വർണ്ണപ്പകിട്ടാർന്ന ബാല്യകാലം
സ്വപ്നം പോൽ മാഞ്ഞ വസന്തകാലം...

# I miss you dad...

Aleena Sajison 9A



I miss you dad
the person who taught me love

the person who taught me happiness

is my dad

my heart beat faster with tears

when I miss my dad

the God and happiness of my life

is my dad

his words, sentence are the goal of my life

the good,, the better the best

is the heart of my dad

there is no scale to measure

the love and happiness

of the heart of my dad



# സൗഹൃദമേ നീയില്ലെങ്കിലെന്ത് .......

സമീറ രാമചന്ദ്രൻ 8A

സൗഹൃദമേ നീയില്ലെങ്കിലെന്ത് .......
കൂട്ടുകാർ ,സുഹൃത്ത് ,സഖി
എന്നിങ്ങനെ എത്രയോ വാക്കുകൾകൊണ്ടാണ് നാം സൗഹൃദത്തെ
വിവരിക്കുന്നത് !
ഒരു സുഹൃത്ത് നമ്മെ അച്ഛനെ പോലെ വഴക്കു പറയും ,
അമ്മയെപ്പോലെ ലാളിക്കും ,സഹോദരനെപ്പോലെ കളിയാക്കും .
സഹോദരിയെപ്പോലെ കൂടെനിൽക്കും .
ഒരു നല്ല സുഹൃത്ത് നമ്മുടെ ജീവിതത്തിൽ നല്ല വഴികാട്ടിയാകുന്നു .
ഇന്നത്തെ സമൂഹത്തിൽ

കൂട്ടുകാരുടെ പ്രാധാന്യം കൂടിവരികയാണ് .
എന്ന് നമ്മൾ പലരും കൂട്ടുകാരുടെ കൂടെ സമയം പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്നു .
സൗഹൃദം ,വലിപ്പ ചെറുപ്പങ്ങളോ നിറ വെത്യാസങ്ങളോ ഇല്ലാത്ത സ്നേഹ ബന്ധമാണ് .
വ്യക്തികൾ തമ്മിലുള്ള ഊഷ്മളബന്ധങ്ങൾ ജീവിതത്തിലെ ഏറ്റവും വലിയ നിധിയാണ് .
അവരെ ഒരിക്കലും തള്ളിക്കളയരുത് .





# നീങ്ങുന്ന നാളുകൾ....

അനുഗ്രഹ വി എ 9A

നന്മതൻ പൂക്കൾ നിറഞ്ഞു തുളുമ്പിയ
നന്മതൻ കടലാണെന്റെ വിദ്യാലയം .
ആയിരം നന്മയും അതിലുള്ള തിന്മയും
നിറവാർന്നു നൽകിയ വിദ്യാലയം .
സൗഹൃദ ചെമ്പകപ്പൂക്കൾ തൻ
പരിമളമാകെ നിറയുന്ന വിദ്യാലയം .
ബാല്യത്തിൽനിന്നുമാ കൗമാര നാളുകൾ
കാലം കഴിയേ കടന്നുപോകെ
അറിയാതെയെൻമനമിപ്പുഴമിടറുന്നു
അകലരുതെന്നുമീ നല്ല കാലം ,
ഇനിയും മടങ്ങി വരാത്ത കാലം ..

# യാത്ര വിവരണം ........ ആൻറിയ 10 B

റോഡിൽനിന്നും കുറച്ചു ചവിട്ടു പടികൾകയറി ഞങ്ങൾ കാട്ടുപാതയിലേക്കു കടന്നു .രണ്ടുപേർക്കു മാത്രം പോകാവുന്ന ചുറ്റും കാട്ടുചെടികളാൽ നിറഞ്ഞ പാത .ഇടക്ക് ചെറിയ കാട്ടരുവികൾ .പാറക്കൂട്ടങ്ങൾ



.കാട്ടിലകളുടെ മണം .ഏകദേശം നാല് കിലോമീറ്റർ കഴിഞ്ഞിട്ടാണ് മരോട്ടിച്ചാൽ വെള്ളച്ചാട്ടം .കിഴക്കാംതൂക്കായി നിൽക്കുന്ന പാറക്കെട്ടുകൾ .നിബിഡവനം .കാട്ടുപാത പിന്നെയും ചെറുതായി .എപ്പോൾ ഇരുവശവും ചാഞ്ഞു നിൽക്കുന്ന കാട്ടുപുൽച്ചെടികൾക്കിടയിലൂടെ ഒരാൾക്ക് നടക്കാം .ആളുകൾ താഴേക്ക് ഇറങ്ങി വരുന്നു. .വന്മരങ്ങൾ .വള്ളികുടിലുകൾ .പേരറിയാ പൂക്കൾ ,ചെടികൾ ....എല്ലാം എനിക്ക് വിസ്മയത്തിന്റെ പുതിയ ലോകം സമ്മാനിച്ചു .പാറകളിലെ വഴുക്കൽ മൂലം പലപ്പോഴും കാലുകളിടറി .പലരും.വീണു .വഴിയിൽ വന്മരങ്ങൾ കടപുഴകിക്കിടക്കുന്നതിന്റെ മുകളിലൂടെ പിടിച്ചു കയറി ..കാട്ടിൽ വീഴുന്ന മരങ്ങൾ മുറിക്കാറില്ലത്രേ .അവൻ അവിടെകിടന്നു ജീർണ്ണിച്ചു പോകും .അതാണ് കാട്ടിലെ നിയമം .

ദൂരെനിന്നു ആനക്കൂട്ടത്തിന്റെ അലർച്ച .അവ ഈ കാട്ടുവഴിയുടെ അപ്പുറത്താണെന്നു ഒരാൾ പറഞ്ഞു .ചെറിയ നീർച്ചോലകളിൽ വെള്ളം തെറിപ്പിച്ചും ,വള്ളികളിൽ ഊഞ്ഞാലാടിയും ,സെൽഫിയെടുത്തും ഞങ്ങൾ മുന്നോട്ടുവെള്ളച്ചാട്ടത്തിനടുത്തെത്തിയപോ

റോഡിൽനിന്നും കുറച്ചു ചവിട്ടു പടികൾകയറി ഞങ്ങൾ കാട്ടുപാതയിലേക്കു കടന്നു .രണ്ടുപേർക്കു മാത്രം ന്നു പാറയിൽ തട്ടിത്തെറിച്ചു ഇക്കിളി പൂണ്ടു ഒഴുകി നിരയായി പാതയായി ഞങ്ങളെ മുഴുവൻ നനച്ചുകൊണ്ട്താഴോട്ട് ഒഴുകി .

സമയം പോയതറിഞ്ഞില്ല .മാനം കറുത്ത് വരുന്നു .കാറ്റുമുണ്ട് .. അരിച്ചിറങ്ങുന്ന തണുപ്പ് ഞങ്ങളെ വിടപറയാനുള്ള സമയത്തെ ഓർമ്മിപ്പിച്ചു ..ചെറുതായി പെയ്യുന്ന ചാറ്റൽ മഴയെ വകഞ്ഞുമാറ്റി ഞങ്ങൾ കാനനപാതയിലേക്കു ഇറങ്ങി .വേഗം നടന്നു .കാട്ടിലെ മഴ പരിചയമില്ലല്ലോ ...

ഇരുൾ പറന്നു തുടങ്ങി ,ഞാൻ കാട്ടുപാതിയിൽ നിന്നും റോഡിനു സമീപത്തെത്തി... തിരഞ്ഞു നോക്കുമ്പോൾ വെള്ളച്ചാട്ടവും കാട്ടരുവികളും ഇല്ല .ഇടതൂർന്ന ഇലപ്പടർപ്പുകൾ മാത്രം ...

ഒരിക്കൽ കൂടി തിരിഞ്ഞു നോക്കി .....ഇനിയും വരണം ആ കാട്ടുപാതയിലൂടെ ,കാട്ടരുവിയിൽ വെള്ളം തെറിപ്പിച്ചു ,ആ ജലധാരയിൽ മുങ്ങി നിവരാൻ ...



# പൂവിതൾ

ജാസ്മിൻ ജോസ് 10 ബി

രാവിൻറെ മാറിൽ ഞാൻ നട്ട മുല്ല
നിൻ ചുംബനത്താലിന് പൂവിട്ടുനില്പ്പൂ .

രാഗാർദ്രമാഏതൊരിളംകാറ്റ്
വീശുന്ന നേരമാ ഗന്ധം നിറഞ്ഞു .

മേഘം പൊഴിച്ചൊരു മുത്തു പോലെ
മെല്ലെ ,പാതിരാവിലതടർന്നു വീണു .

ഏതോ മയിൽപ്പീലിത്താളിൽ ഒളിപ്പിച്ച
പൈതലിൻ കുഞ്ഞു കിനാവുപോലെ
എന്റെ പൂവിതൾ വെള്ളിനിലാവു പോലെ ....

# അമ്മ

അമ്മ അവളെ മടിയിലിരുത്തി മുടി ഭംഗിയായി കെട്ടികൊടുത്തു ."ഇപ്പോൾ അമ്മയുടെ മോള് സുന്ദരിയായി ' .അവൾ കളിക്കാനായി മുറ്റത്തേക്കിറങ്ങി .ഒറ്റമകളായതു കൊണ്ടാകാം മറ്റുള്ളവരുമായി അങ്ങനെ ഇണങ്ങുന്ന കൂട്ടത്തിലായിരുന്നില്ല അവൾ .കളി തുടങ്ങി കുറച്ചു കഴിയുമ്പോഴേക്കും മഴ വന്നു. അവളുടെ സകലൊത്സാഹവും പോയി .മഴയെ പ്രാകിക്കൊണ്ട് തല തുവർത്തി വരുന്ന അമ്മയെ കണ്ടപ്പോൾ അവൾക്കു ചിരിയാണ് വന്നത് .

'പാൽ മേശപ്പുറത്തു വെച്ചിട്ടുണ്ട് ,കുടിക്കണമെന്ന് പറഞ്ഞു  അമ്മ മഴയിലേക്കിറങ്ങി. .കുടയെടുക്കാതെ എന്താണ് അമ്മ ഇങ്ങനെ പോകുന്നത് '.എന്ന് വിചാരിക്കുമ്പോൾ അച്ഛന്റെ ശബ്ദം അവളെ ഉണർത്തി .




അപ്പോൾ മഴ മാറിയിരുന്നു .
കാറ്റിൽ അവളുടെ തലമുടികൾ പാറിപ്പറക്കുകയാണ് .സ്കൂൾ വിട്ടു വന്ന സമയമായതിലാൽ നല്ല വിശപ്പുണ്ട് .അച്ഛൻ വന്നിട്ടില്ല .വീടിനു പുറത്തു അവൾ കാത്തിരിക്കുകയാണ് .ഒന്ന് വിളിച്ചു നോക്കിയാലോ ,അവൾ ആലോചിച്ചു ."വേണ്ട "എന്ന തീരുമാനത്തിൽ എഴുന്നേറ്റു മുറ്റത്തേക്ക് നടന്നു .'മോളെ 'എന്ന വിളി കേട്ടാണ് അവൾ തിരിഞ്ഞു നോക്കിയത് .അമ്മയുടെ മുഖത്തു നല്ല ക്ഷീണമുണ്ട് .അവൾ അമ്മയുടെ അരികിലെത്തി .'എന്ന് ചോറ് മുഴുവൻ ഉണ്ടില്ല ,അല്ലെ ?

.മഴയെ പ്രാകിക്കൊണ്ട് തല തുവർത്തി വരുന്ന അമ്മയെ കണ്ടപ്പോൾ അവൾക്കു ചിരിയാണ് വന്നത് .

'പാൽ മേശപ്പുറത്തു വെച്ചിട്ടുണ്ട് ,കുടിക്കണമെന്ന് പറഞ്ഞു  അമ്മ മഴയിലേക്കിറങ്ങി .കുടയെടുക്കാതെ എന്താണ് അമ്മ ഇങ്ങനെ പോകുന്നത് '.എന്ന് വിചാരിക്കുമ്പോൾ അച്ഛന്റെ ശബ്ദം അവളെ ഉണർത്തി .

അപ്പോൾ മഴ മാറിയിരുന്നു .

മാഗസിന്റെ കൂടെ ഒപ്പം കൂടിയവർക്കും
രചനകൾ  നൽകിയവർക്കും
സഹായിച്ചവർക്കും
ഹൃദയം നിറഞ്ഞ നന്ദി.....

ലിറ്റിൽ കൈറ്റ് ടീം